"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗത്വ രജിസ്ട്രേഷൻ നടപടികൾ സുഗമമായി നിർവ്വഹിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയും തൊഴിലാളികളുടെ വിവരങ്ങൾ പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.242/2025/LSGD തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:-

1. 19.10.2024-ലെ എസ്.ആർ.ഒ. നമ്പർ 3300/2024 വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച സ.ഉ.(അച്ചടി)നം:55/2024/എൽ.എസ്.ജിഡി. തീയതി 18.10.2024
2. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 19.07.2024-ലെ യോഗതീരുമാനം നം 6(3)
3. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ 06.08.2024-ലെ 1/2024/KTTKB/BM&ESTA നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ വകുപ്പ് 6 ഉപവകുപ്പ് (1)-ൽ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയിൽ അംഗമാവാനുള്ള അപേക്ഷയോടൊപ്പം, അപേക്ഷിക്കുന്ന സാമ്പത്തിക വർഷമോ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലോ അപേക്ഷകർ കുറഞ്ഞത് 20 ദിവസം തൊഴിൽ ചെയ്തു എന്ന് സാക്ഷ്യപ്പെടുത്തുന്ന ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ നഗരസഭാ സെക്രട്ടറിയുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ ഇപ്രകാരം അപേക്ഷകർക്ക് സാക്ഷ്യപത്രം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും കൂടാതെ അപേക്ഷയ്ക്കൊപ്പമുള്ള രേഖകളുടെ (തൊഴിൽ കാർഡ്, ആധാർ, ബാങ്ക് അക്കൗണ്ട് പാസ് ബുക്ക്) നിജസ്ഥിതിയും അവയിലെ വിവരങ്ങൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി എന്നിവയുടെ MIS-കളിലെ വിവരങ്ങളുമായി ഒത്തുനോക്കി പരിശോധിച്ച്, പൊരുത്തപ്പെടുന്ന പക്ഷം അംഗമാകുന്നതിനുള്ള യോഗ്യത സാക്ഷ്യപ്പെടുത്തി സെക്രട്ടറിക്ക് നൽകാനുള്ള ചുമതലയുള്ള ഉദ്യോഗസ്ഥനെ നിശ്ചയിക്കണമെന്നും ക്ഷേമനിധി ബോർഡ് ചെയർമാൻ പരാമർശം (3) കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയിലെ അംഗത്വ രജിസ്ട്രേഷൻ നടപടികൾ സുഗമമായി

നിർവ്വഹിക്കുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു:

i. സാക്ഷ്യപത്രം നൽകുന്നത് ജോലിഭാരം പരമാവധി കുറയ്ക്കാനാകുംവിധം ഓട്ടോമാറ്റഡ് ആയി ക്രമീകരിക്കുന്നതിന് ക്ഷേമനിധി ബോർഡ് നടപടി സ്വീകരിക്കണമെന്ന നിബന്ധനയോടെ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ വകുപ്പ് 6 ഉപവകുപ്പ് (1) പ്രകാരം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയിൽ അംഗമാവാനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്നതിന്, അപേക്ഷിക്കുന്ന സാമ്പത്തിക വർഷമോ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലോ കുറഞ്ഞത് 20 ദിവസം അപേക്ഷകൻ തൊഴിൽ ചെയ്തു എന്ന് സാക്ഷ്യപ്പെടുത്തുന്ന സാക്ഷ്യപത്രം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും, കോർപ്പറേഷനുകളിലും യഥാക്രമം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, കോർപ്പറേഷൻ സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ടു ഉത്തരവാകുന്നു.

ii. ക്ഷേമനിധി അംഗത്വത്തിനുള്ള അപേക്ഷയ്ക്കൊപ്പമുള്ള രേഖകളുടെ (തൊഴിൽ കാർഡ്, ആധാർ, ബാങ്ക് അക്കൗണ്ട് പാസ് ബുക്ക്) നിജസ്ഥിതി, അവയിലെ വിവരങ്ങൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി എന്നിവയുടെ MIS-കളിലെ വിവരങ്ങളുമായി ഒത്തുനോക്കി പരിശോധിച്ച്, പൊരുത്തപ്പെടുന്ന പക്ഷം അംഗമാകുന്നതിനുള്ള യോഗ്യത സംബന്ധിച്ച് സാക്ഷ്യപ്പെടുത്തി സെക്രട്ടറിക്ക് നൽകാനുള്ള ചുമതല ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാർക്കായിരിക്കുന്നതാണ്. നഗരസഭകളിലും കോർപ്പറേഷനുകളിലും തുല്യ പദവിയിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനെ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് ഇതിനായി അധികാരപ്പെടുത്താവുന്നതാണ്.

iii. ക്ഷേമനിധി ബോർഡിലെ ഔദ്യോഗിക അംഗങ്ങൾ എന്ന നിലയിൽ, അംഗത്വ രജിസ്ട്രേഷൻ നടപടികളുടെ ഏകോപന-മേൽനോട്ട ചുമതല പഞ്ചായത്തുകളിൽ ഡയറക്ടർ, എൽ.എസ്.ജി.ഡി. (റൂറൽ)-നും നഗരസഭകളിലും കോർപ്പറേഷനുകളിലും ഡയറക്ടർ, എൽ.എസ്.ജി.ഡി. (അർബൻ)-നും സംസ്ഥാന തലത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ ഡയറക്ടർക്കും ആയിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

ജോയിന്റ് സെക്രട്ടറി

ചെയർമാൻ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം,തിരുവനന്തപുരം
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ MGNREGA ഓംബുഡ്സ്പേഴ്സൺമാർക്കും
ചെയർമാൻ, MGNREGA ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 24-01-2025 11:11:38
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്